# STD - III

## അദ്ധ്യാപക സഹായി

**പാഠം - എട്ട്** **ഭാഗം - ഒന്ന്**

## കൂദാശകൾ - പ്രസാദവരത്തിന്റെ നീർച്ചാലുകൾ

### ലക്ഷ്യം

നമ്മുടെ വരണ്ടുണങ്ങിയ മനസ്സുകൾക്ക് ജീവൻ പകരുന്ന നീർച്ചാലുകളാണ് കൂദാശകൾ. ഈശോയാണ് കൂദാശകളുടെ സ്ഥാപകൻ. നമ്മെ വിശുദ്ധീകരിക്കുന്ന കർമ്മങ്ങളാണ് കൂദാശകൾ. ഞാൻ കൂടെക്കൂടെ കൂദാശകൾ സ്വീകരിക്കുകയും, ദിവ്യബലിയിൽ പങ്കെടുക്കുകയും, പ്രസാദവരത്തിൽ ജീവിക്കുകയും ചെയ്യും.

### പഠനസഹായികൾ

* CCC - 1113, 1114 (കൂദാശകൾ)
* YOUCAT - 193 (കൂദാശകൾ)
* വചനം - യോഹ. 4:3-29 (യേശുവും സമരിയാക്കാരിയും)
* വചനം - യോഹ. 7:37-38 (ജീവജലത്തിന്റെ അരുവികൾ)
* വീഡിയോ - 'Jesus and the Samaritan woman'
  You Tube - song - നട്ടുച്ചനേരത്ത്....
* കൂദാശകളുടെ ചിത്രങ്ങൾ - Images google

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോയും സമരിയാക്കാരിയും
* ഈശോയാണ് കൂദാശകളുടെ സ്ഥാപകൻ
* പ്രസാദവരത്തിന്റെ നീർച്ചാലുകളാണ് കൂദാശകൾ
* ഈശോ കൂദാശകൾ സ്ഥാപിച്ച് സഭയെ ഏൽപ്പിച്ചു.
* കൂദാശ അർത്ഥം - വിശുദ്ധീകരിക്കുന്ന കർമ്മം
* കാണപ്പെടാത്ത ദൈവവരപ്രസാദം നമുക്കു നൽകുന്നതിന് ഈശോ സ്ഥാപിച്ചതും സഭയെ ഏൽപ്പിച്ചതുമായ കാണപ്പെടുന്ന അടയാളമാണ് കൂദാശ
* കൂദാശകൾ ഏഴ്
  1. ജ്ഞാനസ്നാനം (മാമ്മോദീസ)
  2. സ്ഥൈര്യലേപനം

3. കുർബാന (ദിവ്യകാരുണ്യം)
4. കുമ്പസാരം
5. രോഗീലേപനം
6. തിരുപ്പട്ടം (പൗരോഹിത്യം)
7. വിവാഹം

## പ്രാർത്ഥന

ഈശോയെ, വേണ്ടത്ര ഒരുക്കത്തോടും യോഗ്യതയോടുംകൂടെ കൂദാശകൾ സ്വീകരിക്കുന്നതിന് എന്നും എന്നെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ആരാണ് കൂദാശകൾ സ്ഥാപിച്ചത്?
2. ഈശോ സമരിയാക്കാരിയോട് ആവശ്യപ്പെട്ടതെന്ത്?
3. കൂദാശ എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. കൂദാശ എന്നാൽ എന്താകുന്നു?
5. കൂദാശകൾ എത്ര? അവ ഏതെല്ലാമാണ്?

# STD - III

## അദ്ധ്യാപക സഹായി

**പാഠം – എട്ട്** **ഭാഗം – രണ്ട്**

## കൂദാശകൾ – പ്രസാദവരത്തിന്റെ നീർച്ചാലുകൾ

### ലക്ഷ്യം

നമ്മുടെ വിശുദ്ധീകരണത്തിനുവേണ്ടി ഈശോ സ്ഥാപിച്ചതാണ് കൂദാശകൾ. ഓരോ കൂദാശയിലൂടെയും ദൈവികജീവൻ നമ്മിലേക്ക് ഒഴുകിയെത്തുന്നു. ഞാൻ താല്പര്യത്തോടുകൂടി കൂദാശകളിൽ പങ്കുകൊള്ളുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്യും.

### പഠനസഹായികൾ

* കൂദാശകളുടെ ചിത്രങ്ങൾ
* ഒരിക്കൽ മാത്രവും ഒന്നിലധികം പ്രാവശ്യവും സ്വീകരിക്കാവുന്ന കൂദാശകളുടെ പേരുകൾ എഴുതിയ ചാർട്ട്
* കൂദാശകൾ ഗാനരൂപത്തിൽ – യൂട്യൂബ്
* വചനം – യോഹ. 7:37

### പാഠത്തിന്റെ ഉള്ളടക്കം

* ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ
  1. ജ്ഞാനസ്നാനം 2. സ്ഥൈര്യലേപനം 3. തിരുപ്പട്ടം
* ഒന്നിലധികം പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ
  1. കുർബാന (ദിവ്യകാരുണ്യം) 2. കുമ്പസാരം 3. രോഗീലേപനം 4. വിവാഹം
* കൂദാശ സ്വീകരണത്തിലൂടെ ദൈവികജീവൻ ലഭിക്കുന്നു.
* ദൈവികജീവൻ വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നു.
* പരിശുദ്ധ രാജ്ഞീ ജപം

### പ്രാർത്ഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്ക് താല്പര്യപൂർവം കൂദാശകളിൽ പങ്കുകൊള്ളുന്നതിനും വിശുദ്ധജീവിതം നയിക്കുന്നതിനും വേണ്ട കൃപാവരം നൽകി അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ ഏവ?
2. ഒന്നിൽകൂടുതൽ പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ ഏവ?
3. കൂദാശ സ്വീകരണത്തിലൂടെ നമുക്കു ലഭിക്കുന്നതെന്ത്? വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നത് എന്താണ്?
4. ഇതുവരെ നമ്മൾ സ്വീകരിച്ച കൂദാശകൾ ഏവ?
5. പരിശുദ്ധ രാജ്ഞീയെന്ന മാതാവിനോടുള്ള ജപം ചൊല്ലുക.